# പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3387**

**16-12-2015 ൽ മറുപടിയ്ക്ക്**

## നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീ.ബാബു എം. പാലിശ്ശേരി

**മറുപടി**

ശ്രീ. കെ. പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; | (എ) | നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കൃഷിവകുപ്പ് മുഖാന്തിരം താഴെപ്പറയുന്ന നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• <u>സുസ്ഥിര നെൽകൃഷി വികസനം</u><br>നെൽകൃഷി കൂടുതൽ ലാഭകരമാക്കുന്നതിനും ഉല്പാദന ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനുമായി 2015-2016 വർഷം 2700 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിലും 8100 ലക്ഷം രൂപ ആർ.കെ.വി.വൈ. ഫണ്ടിലും ഉൾപ്പെടുത്തി ആകെ 10800 ലക്ഷം രൂപ സബ്സിഡി നൽകി 180000 ഹെക്ടറിൽ (ഒരു ഹെക്ടറിന് 6,000/- രൂപ സബ്സിഡി നിരക്കിൽ) പദ്ധതി നടപ്പിലാക്കി വരുന്നു.<br>• <u>വികസന ഏജൻസികൾക്കുള്ള ഫണ്ട്</u><br>നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽ കൃഷി വികസന ഏജൻസികൾക്ക് ആകെ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു. |

| | | | |
|---|---|---|---|
| | | | • <u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോത്സാഹനം</u><br>ആകെ 6 ജില്ലകളിലായി പൊക്കാളി, ഞവര, ബസ്മതി, ജീരകശാല, ഗന്ധകശാല, എന്നിവ കൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 10,000/- രൂപ സബ്സിഡി നല്കി 1000 ഹെക്ടർ സ്ഥലത്ത് 100 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.<br>• <u>പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം.</u><br>ഗ്രൂപ്പ് ഫാമിംങ് പാടശേഖരങ്ങളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 200/-രൂപ നിരക്കിൽ നല്കി വരുന്നുണ്ട്. ഈ ഇനത്തിൽ 166000 ഹെക്ടറിലേക്ക് 332 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.<br>• <u>തരിശുനില നെൽ കൃഷി വികസനം (ആർ.കെ.വി.വൈ.)</u><br>തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി 2000 ഹെക്ടർ സ്ഥലത്തേയ്ക്ക് ഹെക്ടറിന് 7500/- രൂപ സബ്സിഡി നിരക്കിൽ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.<br>• <u>ആർ.കെ.വി.വൈ. പൊക്കാളി നെൽ കൃഷി വികസന പദ്ധതി.</u><br>89.248 ഹെക്ടർ പൊക്കാളി നെൽകൃഷി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്നതിനായി 8.9248 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.<br>• നെൽ കർഷകർക്ക് ഹെക്ടറിന് 1000 രൂപ തോതിൽ ഉല്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ |

<table>
<tr><td></td><td></td><td></td><td>ബഡ്ജറ്റിൽ –<br>വകയിരുത്തിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>2011-12 മുതൽ 2015-16 വരെ ഓരോ വർഷവും നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ പ്രകാരം എത്ര രൂപ ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ;</td><td>(ബി)</td><td>2011-2012 മുതൽ 2014-2015 വരെ സംസ്ഥാനാവിഷ്കൃത പദ്ധതികൾ പ്രകാരം ചെലവഴിച്ച തുക<br>
<table>
<tr><th>നമ്പർ</th><th>വർഷം</th><th>ചെലവാക്കിയ തുക ( ലക്ഷത്തിൽ)</th></tr>
<tr><td>1</td><td>2011-2012</td><td>3454.51</td></tr>
<tr><td>2</td><td>2012-2013</td><td>4679.60</td></tr>
<tr><td>3</td><td>2013-2014</td><td>4177.34</td></tr>
<tr><td>4</td><td>2014-2015</td><td>3313.51</td></tr>
<tr><td>5</td><td>2015-2016</td><td>പദ്ധതികൾ നടപ്പിലാക്കി വരുന്നു</td></tr>
</table>
2011-2012 മുതൽ 2014-2015 വരെ കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരം ചെലവഴിച്ച തുക<br>
<table>
<tr><th>നമ്പർ</th><th>വർഷം</th><th>ചെലവഴിച്ച തുക (ലക്ഷത്തിൽ)</th></tr>
<tr><td>1</td><td>2011-2012</td><td>873.874</td></tr>
<tr><td>2</td><td>2012-2013</td><td>4883.377</td></tr>
<tr><td>3</td><td>2013-2014</td><td>7063.13</td></tr>
<tr><td>4</td><td>2014-2015</td><td>5914.814</td></tr>
<tr><td>5</td><td>2015-2016</td><td>പദ്ധതികൾ നടപ്പിലാക്കി വരുന്നു</td></tr>
</table></td></tr>
<tr><td>(സി)</td><td>വിവിധ പദ്ധതികൾ മുഖേന വൻതുക ചെലവഴിച്ചിട്ടും നെല്ലുല്പാദനത്തിൽ വർദ്ധനവ് വരാത്തത് എന്തു കൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ?</td><td>(സി)</td><td>നെൽവയലുകൾ മറ്റാവശ്യങ്ങൾക്കായി നികത്തുന്നതിനാൽ ഓരോ വർഷവും നെൽ കൃഷിയുടെ വിസ്തൃതി കുറഞ്ഞ് വരുന്നുണ്ട്. എന്നാൽ നെൽ വയലുകളുടെ വിസ്തൃതിയുടെ കുറവ് മുന്നിൽ കണ്ടുകൊണ്ട് നെൽ കർഷകർക്ക് സബ്സിഡി നൽകി വിവിധ നെൽകൃഷി വികസന പദ്ധതികൾ മെച്ചപ്പെട്ട സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നടപ്പിലാക്കുകയും അതുവഴി ഉൽപ്പാദനം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. 2010-2011 ൽ 522740</td></tr>
</table>

| | | | |
|---|---|---|---|
| | | | മെ.ടൺ ഉൽപ്പാദനം ആയിരുന്നത് 2011-2012 വർഷം 568993 മെ.ടൺ ആയി ഉയർന്നു..ആയതിനാൽ 2011-2012 വർഷം മുൻ വർഷത്തേക്കാൾ 46253 മെ.ടൺ നെല്ല് അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുകയുണ്ടായി. 2012-2013 ൽ ഉൽപ്പാദനം 508299 മെ.ടൺ ആയിരുന്നത് 2013-2014 ൽ 564325 മെ.ടൺ ആയി വർദ്ധിക്കുകയുണ്ടായി. ഇത്തരത്തിൽ 2013-2014 വർഷം മുൻ വർഷത്തേക്കാൾ 56026 മെ.ടൺ നെല്ല് അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഉൽപ്പാദനക്ഷമത 2010-2011 ൽ 2452 കി.ഗ്രാം ആയിരുന്നത് 2011-2012 ൽ 2733 കി.ഗ്രാമായും, 2012-2013 ൽ 2577 കി.ഗ്രാം ആയിരുന്നത് 2013-2014 വർഷം 2827 കി.ഗ്രാമായും ഉയർത്താൻ കഴിഞ്ഞിട്ടുണ്ട് |

സെക്ഷൻ ഓഫീസർ